ദേശാഭിമാനി **30 August 2017**

# കറിവേപ്പിൻ തൈ, മല്ലിവിത്ത് വിപണനമേള നാളെ

കൊച്ചി > നഗരവാസികൾക്ക് കറിവേപ്പിൻ തൈയും മല്ലിവിത്തും പദ്ധതിയുടെ ഭാഗമായി വ്യാഴാഴ്ച എറണാകുളം കൃഷിവിജ്ഞാനകേന്ദ്രം വിപണനമേള നടത്തും. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന മേളയിൽ ആറുമാസം പ്രായമായ കറിവേപ്പിൻ തൈ, മല്ലിവിത്ത്, ചട്ടികളിൽ ഇവ എങ്ങനെ കൃഷി ചെയ്യാമെന്ന ലഘുലേഖ, കുമ്മായം എന്നിവയടങ്ങുന്ന കിറ്റാണ് വിതരണംചെയ്യുക. രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെയാണ് സമയം.

വിപണിയിലെ കറിവേപ്പിലയും മല്ലിയിലയുമാണ് ഏറ്റവും കൂടുതൽ വിഷമയമെന്ന കാർഷിക സർവകലാശാലാ പഠനത്തെത്തുടർന്നാണ്, സിഎംഎഫ്ആർഐയുടെ കീഴിലുള്ള കെവികെ പദ്ധതി ആവിഷ്കരിച്ചത്. ഒരു കിറ്റിന് 50 രൂപയാണ് വില. കൃഷിക്ക് ആവശ്യമായ ചട്ടികളുടെ വിൽപ്പനയ്ക്കായി ആലുവ മൺപാത്ര സൊസൈറ്റിയുടെ സ്റ്റാളും. മണ്ണ് ലഭ്യമില്ലാത്തവർക്ക് പകരം ഉപയോഗിക്കാവുന്ന മണ്ണില്ലാ മിശ്രിതം വൈപ്പിൻ സ്വയംസഹായക സംഘത്തിന്റെ സ്റ്റാളിൽനിന്നു ലഭിക്കും. ഫോൺ : 8281757450.